പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *397 — 04/02/2014 ൽ മറുപടിയ്ക്ക്

## ആധുനിക സംവിധാനങ്ങളുപയോഗിച്ചുള്ള സർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എ. റ്റി. ജോർജ്. | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ആധുനിക സർവ്വേ സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിനു പരിശീലനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തിരുവനന്തപുരം / പേരൂർക്കടയിലെ ആധുനിക സർവെ പരിശീലന കേന്ദ്രത്തിൽ മോഡേൺ സർവെ കോഴ്സ് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സർവെ/റവന്യൂ/രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ജീവനക്കാർക്കും ഫീസ് ഈടാക്കിക്കൊണ്ട് സ്വകാര്യ വ്യക്തികൾക്കും ട്രെയിനിംഗ് കൊടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സർവെയും ഭൂരേഖയും വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന മോഡേൺ സർവെ കോഴ്സിൽ സർവെ/റവന്യൂ/രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് പരിശീലനവും എസ്.എസ്.എൽ.സി യും ചെയിൻ സർവെ കോഴ്സ്/ഐ.റ്റി.ഐ സർവെ അഥവാ സിവിൽ പാസ്സായ വിദ്യാർത്ഥികൾക്ക് ഫീസ് ഈടാക്കിക്കൊണ്ട് 2 മാസത്തെ ആധുനിക സർവെ കോഴ്സ് നടത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലും വിദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതാണ് പ്രസ്തുത കോഴ്സ്. |
| (സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണു ജനങ്ങൾക്കു ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) പ്രൈവറ്റായി ഫീസടച്ചു പഠിക്കുന്നവർക്ക് GPS, ETS, ARC GIS, AUTOCAD, LISCAD Theodolite, levelling മുതലായ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനും ആധുനിക സർവെ |

| | |
|---|---|
| | ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നതിനും പരിശീലനം ലഭിക്കും. സ്വകാര്യ ആവശ്യങ്ങൾക്കും ഇത്തരം പരിശീലനം ലഭിച്ചവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. |
| (ഡി) പ്രസ്തുതരീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) പ്രസ്തുത രീതിയിൽ സർവെ നടത്തുന്നതിലേക്കായി ആധുനിക സർവെ ഉപകരണങ്ങളായ GPS, ETS എന്നിവ സർവെ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. GPS, ETS എന്നിവ ഉപയോഗിച്ച് റീസർവെ നടന്നുവരുന്നു. സർവെ നടത്തുന്നതിനായി GPS കൺട്രോൾ പോയിന്റുകൾ എസ്റ്റാബ്ലിഷ് ചെയ്ത് ETS ഉപയോഗിച്ചുകൊണ്ട് സർവെ നടത്തുന്നു. 87 വില്ലേജുകളിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സർവെ നടപടികൾ നടന്നുവരുന്നു.18 വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ